**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5797**

**19.11.2019 ലെ മറുപടിക്ക്**

# സർക്കാർ ജീവനക്കാർക്ക് കോമ്പൻസേഷൻ അലവൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.സി. ജോർജ്ജ്**<br>(ബഹു. എം.എൽ.എ) | | **ഡോ. ടി.എം. തോമസ് ഐസക്**<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 15-10-2019 -ൽ ധനകാര്യ വകുപ്പിലേക്കയച്ച 12220/എംഎസി1/ 19-ാം നമ്പർ ഫയലിന്മേൽ ധനകാര്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | പ്രസ്തുത ശുപാർശ ധനവകുപ്പിൽ പരിശോധിക്കുകയും 18.11.2019 -ലെ കത്തു പ്രകാരം 'പുതിയ അലവൻസുകൾ അനുവദിക്കണമെന്ന ശുപാർശ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണയ്ക്കായി നൽകുവാൻ അഭ്യർത്ഥിച്ച്' നിയമസഭാ സെക്രട്ടറിയേറ്റിന് മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോമ്പൻസേഷൻ അലവൻസ് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡത്തെക്കുറിച്ച് വിശദമാക്കാമോ; ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ്/ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സർക്കാർ ജീവനക്കാർക്ക് ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ഓഫീസ് സമയം തികയാതെ വരുന്ന സാഹചര്യങ്ങളിൽ ജീവനക്കാർ അധിക സമയവും ചിലപ്പോൾ അവധി ദിനങ്ങളിലും പ്രവൃത്തി എടുക്കേണ്ടതായി വരും. ഇത്തരം വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സാധാരണയിൽ നിന്നും ഉണ്ടാകുന്ന അധിക ചെലവ് ഒരു പരിധി വരെ പ്രതിപൂരണം ചെയ്യപ്പെടുക എന്ന ഉദ്ദേശത്തിലാണ് കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചു വരുന്നത്. കോമ്പൻസേറ്ററി അലവൻസുകളുടെ നിരക്കുകൾ ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ധനകാര്യ വകുപ്പിൽ കോമ്പൻസേഷൻ അലവൻസ് ലഭ്യമാകുന്ന തസ്തികകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ? | ധനകാര്യ വകുപ്പിൽ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട സെക്ഷനുകളിലെ ജീവനക്കാർക്കാണ് കോമ്പൻസേറ്ററി അലവൻസ് ലഭ്യമാക്കുന്നത്. ധനകാര്യ വകുപ്പിൽ പ്രത്യേക തസ്തികകൾക്കായി കോമ്പൻസേറ്ററി അലവൻസ് അനുവദിച്ച് വരുന്നില്ല. |

**അക്കൗണ്ട്സ് ഓഫീസർ**